ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ചോദ്യത്തിലെ സൂചന ശരിയല്ല. എന്നാൽ അർഹതയുള്ള കേസ്സുകളിൽ കിസ്തു അടയ്ക്കുന്നതിന് കൂറച്ച് സാവകാശം നൽകിയിട്ടുണ്ട്. ലേലവിൽപ്പന ചട്ടത്തിലെ 5(4) വകുപ്പിൽ അനുശാസിച്ചിരിക്കുന്നതനുസരിച്ച് ലേല തീയതിക്കു മുമ്പ് അബ്കാരി കുടിശ്ശിക യുടെ 20 ശതമാനം അടച്ചുതീർത്തതായുള്ള സർട്ടിഫിക്കറ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഹാജരാക്കിയാൽ മാത്രമേ അവരെ ലേലത്തിൽ പങ്കെടുപ്പിക്കാൻ പാടുള്ളു എന്ന് ഗവൺമെൻറ് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റേ ഉത്തരവുകളോ തവണകളായി അടയ്ക്കുവാൻ അനുവദിക്കുന്ന ഉത്തരവുകളോ ഈ നിർദ്ദേശത്തിനു ബാധകമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ലിസ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. *

ബഡ്ജറു തുകയുടെ പത്ത് ശതമാനം ഹരിജനങ്ങൾക്ക് വേണ്ടി ചെലവാക്കണമെന്ന തീരുമാനം

*270 [285] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ ബഡ്ജറ് തുക യുടെ പത്ത് ശതമാനം ചെലവാക്കണമെന്ന് തീരുമാനമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു രീതിയിലാണ് അത് നടപ്പാക്കുന്നത്;

(സി) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകൾ ഇതനുസരിച്ച് പ്രവർത്തികൾ നടത്തി?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) എല്ലാ വകുപ്പുകളും പ്രായോഗിക സാദ്ധ്യതയനുസരിച്ച് വിക സന പ്രവർത്തനങ്ങൾക്കായുള്ള തുകയുടെ 10 ശതമാനം ഹരിജനോദ്ധാര ണത്തിനു വേണ്ടി ചെലവാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ നിർദ്ദേശമനുസരിച്ച് മിക്കവകുപ്പുകളും പ്രായോഗിക സാദ്ധ്യതയനുസരിച്ച് പദ്ധതികൾക്കായുള്ള തുകയുടെ പത്ത് ശതമാനം ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മാത്രമായി ചെലവാക്കുന്നു.

(സി) ഇതനുസരിച്ച് പ്രവർത്തികൾ നടത്തിയ വകുപ്പുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. കൃഷിവകുപ്പ്
2. ചെറുകിട ജലസേചന വകുപ്പ്

*അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

3. മൃഗ സംരക്ഷണവകുപ്പ്
4. ക്ഷീരവ്യവസായ വികസന വകുപ്പ്
5. മൽസ്യ ബന്ധന വകുപ്പ്
6. വനസംരക്ഷണവകുപ്പ്
7. സാമൂഹ്യവികസന വകുപ്പ്
8. സഹകരണ വകുപ്പ്
9. കേരള സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ്
10. വ്യവസായ വാണിജ്യ വകുപ്പ്
11. പൊതു വിദ്യാഭ്യാസ വകുപ്പ്
12. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
13. ആരോഗ്യ വകുപ്പ്
14. ആയുർവ്വേദ വകുപ്പ്
15. പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പ്
16. ഭവന നിർമ്മാണ വകുപ്പ്
17. പബ്ലിക് റിലേഷൻസ് വകുപ്പ്
18. സാമൂഹ്യക്ഷേമവകുപ്പ്
19. പൊതു മരാമത്ത് (പ്രൊജക്ട്സ്) വകുപ്പ്
20. പൊതു മരാമത്ത് (നിരത്തും കെട്ടിടനിർമ്മാണം) വകുപ്പ്
21. ഭൂദശീയ തൊഴിൽ സേവന വകുപ്പ്
22. വ്യവസായ പരിശീലന വകുപ്പ്

ബാലവാടി അദ്ധ്യാപികമാർ

*271 [287] ശ്രീ. ലോനപ്പൻ നമ്പാടൻ:

ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹ്യ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ബാലവാടി അദ്ധ്യാപികമാർ ഉണ്ട്; എത്ര പഞ്ചായത്തുകളിൽ ബാലവാടി നടത്തി വരുന്നുണ്ട്;

(ബി) ഇന്നവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ബാലവാടി ടീച്ചേഴ്സ് അസോസിയേഷൻ അവരുടെ അവശതകൾ പരിഹരിക്കുന്നതിനായി നിവേദനങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ബാലവാടി ടീച്ചർമാരുടെ പ്രതിമാസ വേതനം 25 രൂ. എന്നത് വർദ്ധിപ്പിച്ച് അവർക്ക് പുതുക്കിയ വേതനം നൽകുവാൻ വല്ല പരിപാടിയും ഗവൺമെന്റിനു ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly